ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.09.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. വിദ്യാഭ്യാസമില്ലാതെ മാറ്റം സാധ്യമല്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ; ഗോരഖ്പൂരിലെ ആദ്യ സൈനിക് സ്കൂൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

   **Vice President Jagdeep Dhankhar said change is not possible without education; The Vice President inaugurated the first military school in Gorakhpur.**

2. നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം ജമ്മു കശ്മീരിൻറെ സംസ്ഥാന പദവി പുനഃസ്ഥാപിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Home Minister Amit Shah assures restoration of statehood to J&K after Assembly elections.**

3. ഉത്തർപ്രദേശിലെ ലഖ്നൗവിൽ കെട്ടിടം തകർന്നുവീണു; നിരവധി പേർ കുടുങ്ങി കിടക്കുന്നതായി സൂചന; രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

   **In Uttar Pradesh, a building collapsed in transport Nagar area of Lucknow. Many people are feared to be trapped under the debris.**

4. കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം രാജ്യത്തിനാകെ മാതൃകയെന്ന് മന്ത്രി ജി.ആർ അനിൽ.

   **Minister GR Anil said that Kerala's public distribution system is a model for the entire country.**

5. പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യ പുതിയ ഉയരങ്ങളിലേക്ക്; രാജ്യം ഇതുവരെ നേടിയത് 27 മെഡലുകൾ.

**India to new heights in Paris Paralympics; The country has so far won 27 medals.**

**************************************

## HEADLINE-1
## VP-UP-VISIT

വിദ്യാഭ്യാസമില്ലാതെ മാറ്റം സാധ്യമല്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഉത്തർപ്രദേശിലെ ഗോരഖ്പൂർ ജില്ലയിലെ ആദ്യ സൈനിക് സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാമൂഹിക തിന്മകളെ നേരിടാൻ സാധിക്കൂ. പരാജയഭീതി കൂടാതെ മുന്നോട്ടുപോയാൽ മാത്രമേ വിജയം സംഭവിക്കൂവെന്നും അദ്ദേഹം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

എല്ലാ മേഖലകളിലും ഇന്ത്യ മുന്നേറുകയാണ്. നമ്മുടെ വിദേശനാണ്യം 680 ബില്യണിലധികം രൂപയായി ഉയർന്നത് ഇതിനുദാഹരണമാണെന്ന് ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. ദേശിയതയോട് വിട്ടുവീഴ്ച ചെയ്താൽ അത് രാഷ്ട്രത്തോടുള്ള വഞ്ചനയാകുമെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഗോരഖ് നാഥ് ക്ഷേത്രവും ഉപരാഷ്ട്രപതി ഇന്ന് സന്ദർശിച്ചു. ജഗദ്ഗുരു റാം ഭദ്രാചാര്യ ദിവ്യാംഗ് സർവകലാശാല സംഘടിപ്പിച്ച ദേശീയ സെമിനാറിലും ശ്രീ ജഗ്ദീപ് ധൻഖർ പങ്കെടുത്തു.

**************************************

## HEADLINE-2
## JK-AMIT SHAH

നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം ജമ്മു കശ്മീരിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അനുച്ഛേദം 370 റദ്ദാക്കിയതിന് ശേഷം, ജമ്മു കശ്മീരിൽ ആദ്യമായി ഭരണഘടനാനുസൃതമായി നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രപരമാണെന്ന് പൊതുയോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ജമ്മു കശ്മീരിലെ ഭീകരവാദ പ്രവർത്തനങ്ങൾ സർക്കാർ 70 ശതമാനം വരെ കുറച്ചപ്പോൾ ഈ പ്രദേശത്തെ വീണ്ടും തീവ്രവാദത്തിലേക്ക് തള്ളിവിടാനാണ് കോൺഗ്രസ്-നാഷണൽ കോൺഫറൻസ് പാർട്ടികളുടെ ശ്രമമെന്നും കേന്ദ്രമന്ത്രി ആരോപിച്ചു. ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ പ്രചാരണം ശക്തിപ്പെടുത്തുന്നതിനായി രണ്ട് ദിവസത്തെ സന്ദർശനത്തിനായാണ് കേന്ദ്ര ആഭ്യന്തരമന്ത്രി ജമ്മുവിൽ എത്തിയിത്. ഈ മാസം 18 ന് ആണ് ജമ്മുവിലെ ആദ്യ ഘട്ട നിയമസഭ വോട്ടെടുപ്പ്.

**************************************

## JAISANKAR

ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ പ്രഥമ യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ നാളെ സൗദി അറേബ്യയിലേക്ക് പോകും. രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ റിയാദിൽ ജി.സി.സി അംഗരാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. ഇന്ത്യയുടെ പ്രധാന വ്യാപാര പങ്കാളിയും 8.9 ദശലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ കേന്ദ്രവുമാണ് ജിസിസി. വിവിധ മേഖലകളിൽ ഇന്ത്യയും ജിസിസിയും തമ്മിലുള്ള സഹകരണം ആഴത്തിലാക്കുന്നതിനുള്ള അവസരമായിരിക്കും വിദേശകാര്യ മന്ത്രിമാരുടെ യോഗം.

***************************************

## HEADLINE-3

## BUILDING COLLAPSED-UP

ഉത്തർപ്രദേശിലെ ലഖ്നൗ സരോജിനി നഗർ പോലീസ് സ്റ്റേഷൻ പരിധിയിലെ ട്രാൻസ്പോർട്ട് നഗറിൽ മൂന്ന് നില കെട്ടിടം തകർന്നുവീണു. നിരവധിപേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി കിടക്കുന്നുണ്ടെന്നാണ് സൂചന. 10 പേരെ രക്ഷപ്പെടുത്തി. ദേശീയ ദുരന്തനിവാരണ സേനയും സംസ്ഥാന ദുരന്തനിവാരണ സേനയും ഉൾപ്പെടെയുള്ള രക്ഷാപ്രവർത്തകർ സ്ഥലത്തെത്തിയിട്ടുണ്ട്. കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

***************************************

## POOJA KHEDKAR

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിന്ന് ട്രയിനി ഓഫീസർ പൂജ ഖേദ്കറെ കേന്ദ്രസർക്കാർ പുറത്താക്കി. സിവിൽ സർവീസ് പരീക്ഷയെഴുതാനായി വ്യാജരേഖ സമർപ്പിച്ചതിലാണ് നടപടി. 1954 ലെ ഐഎഎസ് പ്രൊബേഷൻ ചട്ടങ്ങൾ പ്രകാരമാണ് നടപടി. പൂജ ഖേദ്കറുടെ IAS, ജൂലൈയിൽ UPSC റദ്ദാക്കിയിരുന്നു. സിവിൽ സർവീസ് പരീക്ഷയെഴുതുന്നതിൽ നിന്നും പൂജയ്ക്ക് ആജീവനാന്ത വിലക്കും ഏർപ്പെടുത്തിയിരുന്നു.

***************************************

## OIL PALM PLANTATION

മെഗാ ഓയിൽ പാം പ്ലാന്റേഷൻ ഡ്രൈവിന്റെ ഭാഗമായി രാജ്യത്ത് ഇതുവരെ 17 ലക്ഷത്തിലധികം എണ്ണപ്പന തൈകൾ നട്ടുപിടിപ്പിച്ചു. 15 സംസ്ഥാനങ്ങളിലായി 12,000-ലധികം ഹെക്ടറിൽ

ആണ് പ്ലാന്റേഷൻ ഡ്രൈവ് നടന്നത്. ജൂലൈ 15 ന് ദേശീയ ഭക്ഷ്യ എണ്ണ-പാം മിഷന്റെ കീഴിലാണ് ഈ സംരംഭം ആരംഭിച്ചത്. രാജ്യത്ത് എണ്ണപ്പന കൃഷി വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ഓയിൽ പാം സംസ്കരണ കമ്പനികളുടെയും കൂട്ടായ ശ്രമങ്ങളിലൂടെ ഇത്രയും തൈകൾ നാടാൻ സാധിച്ചത്. കേരളം, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, കർണാടക, ഒഡീഷ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ മികച്ച പങ്കാളിത്തമാണ് പദ്ധതിക്ക് ലഭിച്ചത്. കാമ്പയിൻ ഈ മാസം 15 വരെ തുടരും.

****************************************

## GEORGE KURIYAN-KKD

2047 ൽ വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിദ്യാർഥി സമൂഹത്തിന് വലിയ പങ്കുവഹിക്കാനാകുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് NIT യുടെ ഇരുപതാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറി. കേരളത്തിലെ സാമൂഹ്യ പരിഷ്കർത്തക്കൾക്കും സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും വിദ്യാഭ്യാസ വികസനത്തിൽ വലിയ പങ്കുണ്ടെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

****************************************

## HEADLINE-4
## G R ANIL

കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം രാജ്യത്തിനാകെ മാതൃകയാണെന്ന് മന്ത്രി ജി.ആർ അനിൽ. മലപ്പുറത്ത് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പുതിയ ജില്ലാ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. റേഷൻ കടകളുടെ ആധുനികവത്കരണത്തിന് സർക്കാർ വിവിധ നടപടികൾ

സ്വീകരിച്ചുവരികയാണ്. റേഷൻ കടകൾ വഴി ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. ഈ ഓണത്തിന് പൊതുവിതരണ ഔട്ട്ലെറ്റുകളിൽ എല്ലാ അവശ്യവസ്തുക്കളും എത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

***************************************

## TVM-WATER INTERRUPTION

തിരുവനന്തപുരം നഗരത്തിൽ തടസ്സപ്പെട്ട കുടിവെള്ള വിതരണം നാളെ പുന:രാരംഭിക്കും. മന്ത്രി വി ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. തിരുവനന്തപുരം - കന്യാകുമാരി റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയെ തുടർന്നാണ് 33 കോർപ്പറേഷൻ വാർഡുകളിൽ പൂർണ്ണമായും 11 വാർഡുകളിൽ ഭാഗികമായും കുടിവെള്ള വിതരണം തടസ്സപ്പെട്ടത്. വഴുതക്കാട്, തൈക്കാട് വാർഡുകളിലെ കുടിവെള്ള വിതരണം പൂർവസ്ഥിതിയിലാക്കുന്നതു വരെ 10 ടാങ്കറുകളിൽ നഗരസഭയുടെ നേതൃത്വത്തിൽ ശുദ്ധജല വിതരണം നടത്തും. ഓണ നാളുകളിൽ ഈ മേഖലയിൽ നഗരസഭയിലെ ടാങ്കറുകൾക്ക് പുറമെ വാട്ടർ അതോറിറ്റി 10 ടാങ്കറുകളിൽ കൂടി കുടിവെള്ളമെത്തിക്കും.

***************************************

## PREZ, PM - GANESH CHATURTHI

ഇന്ന് ഗണേശ ചതുർത്ഥി. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു.

***************************************

## RASHTRIY-POSHAN-MAAH (INTRO)

7-ാമത് രാഷ്ട്രീയ പോഷൺ മാസാചരണത്തിന്റെ ഭാഗമായി രാജ്യത്തിതുവരെ സംഘടിപ്പിച്ചത് ഒരു കോടി 37 ലക്ഷം പ്രവർത്തനങ്ങൾ. ഈ മാസം ഒന്നിന് ആരംഭിച്ച മാസാചരണം 30-ാം തീയതി വരെ തുടരും.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*ഗുജറാത്തിലാണ് ഈ വർഷത്തെ രാഷ്ട്രീയ പോഷൺ മാഹിന് തുടക്കമായത്. വിളർച്ച, വളർച്ചാ നിരീക്ഷണം, കോംപ്ലിമൻററി ഫീഡിംഗ്, പോഷൺ ഭി പഠായി ഭി എന്നിവയുൾപ്പെടെയുള്ള പ്രമേയങ്ങളാണ് ഇത്തവണത്തെ പോഷൺ മാസാചരണത്തിനുള്ളത്. രാജ്യത്തുടനീളമുള്ള 13.95 ലക്ഷം അങ്കണവാടികളിൽ ഏക് പേട് മാം കെ നാം എന്ന പദ്ധതിയിലൂടെ പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ക്യാമ്പെയ്ൻ ഊന്നൽ നൽകുന്നു. ബിഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് ഇത്തവണത്തെ രാഷ്ട്രീയ പോഷൺ മാസാചരത്തിന്റെ ഭാഗമായി ഇതുവരെ കൂടുതൽ പരിപാടകൾ സംഘടിപ്പിച്ചത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

****************************************

## HEADLINE-5
## PARAGAMES

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യ പുതിയ ഉയരങ്ങളിലേക്ക്. രാജ്യം ഇതുവരെ 27 മെഡലുകൾ നേടി. 6 സ്വർണവും 9 വെള്ളിയും 12 വെങ്കലവുമായാണ് ഇന്ത്യയുടെ മെഡൽ നേട്ടം. ഇന്ത്യക്ക് കൂടുതൽ മെഡൽ പ്രതീക്ഷ നൽകി, വനിതകളുടെ 200

മീറ്റർ ടി12 ഫൈനലിൽ സിമ്രാനും പുരുഷന്മാരുടെ 400 മീറ്റർ ടി47 ഫൈനലിൽ ദിലീപ് ഗാവിറ്റും പുരുഷന്മാരുടെ ജാവലിൻ ത്രോ എഫ്41 ഫൈനലിൽ നവദീപും ഇന്ന് മത്സരത്തിനിറങ്ങും.

**************************************

## RAIN-KERALA

കേരളത്തിൽ അടുത്ത ഏഴ് ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലും നാളെ എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്. വടക്കൻ ബംഗാൾ ഉൾക്കടലിനു മുകളിലായി സ്ഥിതി ചെയ്തിരുന്ന ന്യൂനമർദ്ദം നാളെയോടെ വീണ്ടും ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

**************************************

## SPACECRAFT RETURN

നാസയുടെ സ്റ്റാർലൈനർ ബഹിരാകാശ പേടകം മൂന്ന് മാസത്തിനു ശേഷം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് മടങ്ങിയെത്തി. ഇന്ന് ഉച്ചയ്ക്ക് 12:01 ന് പേടകം ന്യൂ മെക്സിക്കോയിലെ വൈറ്റ് സാൻഡ്സ് സ്പേസ് ഹാർബറിൽ ലാന്റ് ചെയ്തു. നാസയുടെ ബഹിരാകാശ യാത്രികരായ ബുച്ച് വിൽമോർ, സുനിത വില്യംസ് എന്നിവരെ അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ എത്തിച്ച ശേഷം പേടകത്തിന് സാങ്കേതിക തകരാർ സംഭവിക്കുകയായിരുന്നു. ബഹിരാകാശയാത്രികരെ അതേ പേടകത്തിൽ തന്നെ തിരികെയെത്തിക്കുന്നത് അപകടകരമായതിനാൽ യാത്രികരില്ലാതെയാണ് സ്റ്റാർലൈനർ മടങ്ങിയെത്തിയത്. ബുച്ച് വിൽമോറും സുനിത വില്യംസും ഫെബ്രുവരി വരെ ബഹിരാകാശ നിലയത്തിൽ തുടരാനാണ് സാധ്യത.

**************************************

## BANGLADESH-DENGUE

ബംഗ്ലാദേശിൽ ഡെങ്കിപ്പനി പടരുന്നു. ഈമാസം ഡെങ്കിപ്പനി ബാധിച്ച് ഒമ്പത് പേര് മരിച്ചു. ഇതോടെ ബംഗ്ലാദേശിൽ ഈ വർഷം ഡെങ്കിപ്പനി ബാധിച്ചു മരിച്ചവരുടെ എണ്ണം 93 ആയി. രോഗബാധയെ തുടർന്ന് ഈ മാസം മാത്രം രണ്ടായിരത്തിലധികം പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഈ വർഷം, ഇതുവരെ ബംഗ്ലാദേശിൽ 15,000-ൽ അധികം പേർക്കാണ് ഡെങ്കിപ്പനി ബാധിച്ചത്.

*

*********************

********************************************************